DESPATCHED
On 06/12/19

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **CP. 750*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ.**13949**/*എസ്.ഐ.സി-ജി 6/19)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.എ.എം.ജോൺ,
അത്തിപ്പൊഴി വീട്,
മുണ്ടുംവേലി പി.ഒ.,
(നേവി നഗറിനു സമീപം)
കൊച്ചി – 682 507. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഫോർട്ട് കൊച്ചി മേഖലാ ഓഫീസ്,
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ,
കോർപ്പറേഷൻ ഓഫീസ്, പി.ബി.നം.1016,
എറണാകുളം, കൊച്ചി – 682 011. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.07.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | – |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | – |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.08.2019 |
| റിപ്പോർട്ട് ലഭ്യമാക്കിയ തീയതി | 21.08.2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എ.എം.ജോൺ, 19.08.2019ന് സമർപ്പിച്ച പരാതി ഹർജി 21.08.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No.750(2)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 08.07.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കൊച്ചി നഗരസഭയിലെ 22-ാം ഡിവിഷനിൽ മുണ്ടംവേലി റോഡിനു കിഴക്കു ഭാഗത്ത്, നേവി നഗറിനു വടക്കു മാറിയുള്ള സർവ്വെ 476-ാം നമ്പരിൽപ്പെട്ട ഭൂമിയിൽ എത്ര സ്വകാര്യ വ്യക്തികൾക്കു കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുണ്ടെന്നും

എ) അവയ്ക്ക് ഒരോന്നിനായും സമർപ്പിക്കപ്പെട്ട പ്ലാനിന്റെയും അവ അസ്സസ് ചെയ്തു രേഖപ്പെടുത്തിയ അസ്സസ്മെന്റ് രജിസ്റ്ററിലെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് നൽകണമെന്നും

ബി) നിർമ്മാണം പൂർത്തീകരിച്ച ശേഷം സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാനിന്റെയും അവ അസസ്സ് ചെയ്തു രേഖപ്പെടുത്തിയ അസ്സസ്മെന്റ് രജിസ്റ്ററിലെ പ്രസ്ക്ത ഭാഗത്തിന്റെ പകർപ്പുകൾ നൽകണമെന്നും

സി) പ്രസ്തുത കെട്ടിടങ്ങൾക്കു ഒടുക്കു വരുത്തിയ ടാക്സ് രസീതിന്റെ പകർപ്പ് നൽകണമെന്നും തുടങ്ങി 3 ഇനങ്ങളിലും ചില ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

4. 12.11.2021ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കൊച്ചി നഗരസഭ ഫോർട്ടു കൊച്ചി മേഖലാ ഓഫീസിൽ ഹർജിക്കാരൻ 08.07.2019ൽ അപേക്ഷ നൽകിയിരുന്നുവെന്നും ടി നഗരസഭയിലെ 22-ാം ഡിവിഷനിൽ മുണ്ടംവേലി റോഡിനു കിഴക്കു ഭാഗത്ത് സർവ്വെ നം.476ൽപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണാനുമതി നൽകിയതിന്റെ വിവരങ്ങൾ, പ്ലാനിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ, ടാക്സ് വിവരങ്ങൾ, കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിന്റെ വിവരങ്ങൾ, റിപ്പോർട്ടുകളുടെ പകർപ്പുകൾ, കടകൾക്ക് നൽകിയിട്ടുള്ള ലൈസൻസിന്റെ പകർപ്പുകൾ,നടപടികളുടെ പകർപ്പുകൾ എന്നിവയാണ്

ടിയാൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരുന്നതെന്നും ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ക്രോഡീകരിച്ചിരിക്കുന്നത് വർഷാടിസ്ഥാനത്തിലുള്ള ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററുകൾ മുഖേനയായതിനാൽ ടി രജിസ്റ്ററുകളും ഫയലുകളും പരിശോധിക്കുന്നതിന് നഗരസഭയുടെ ഫോർട്ട് കൊച്ചി മേഖലാ ഓഫീസിൽ 26.07.2018ന് രാവിലെ 11-ന് നേരിൽ ഹാജരായി രജിസ്റ്ററുകളും ഫയലുകളും പരിശോധിക്കാവുന്നതാണെന്ന് കാണിച്ച് 20.07.2019ൽ മറുപടി നൽകിയിട്ടുണ്ടെന്നാണ്.

5. 17.11.2021 തീയതി കമ്മീഷൻ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാളിൽ നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ നാളിതുവരെ ടിയാന് മറുപടി ലഭ്യമായിട്ടില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് 26.07.2018ന് രാവിലെ 11-ന് നേരിൽ ഹാജരായി രജിസ്റ്ററുകളും ഫയലുകളും പരിശോധിക്കാവുന്നതാണെന്ന് കാണിച്ച് 20.07.2019ൽ മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷനിൽ 12.11.2021ന് സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ ടി വിവരം രേഖപ്പെടുത്തിയ ഡെസ്പാച്ച് രജിസ്റ്റർ സഹിതം 23.11.2021ന് കമ്മീഷനിൽ നേരിട്ട് ഹാജരാകണമെന്ന് നിർദ്ദേശം നൽകിയതു പ്രകാരം എതിർകക്ഷി ഡെസ്പാച്ച് രജിസ്റ്റർ സഹിതം കമ്മീഷനിൽ ഹാജരായി. എന്നാൽ ഡെസ്പാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ 29.07.2019ലാണ് ഹർജിക്കാരന് 26.07.2019ൽ രേഖകൾ പരിശോധിക്കുവാൻ അവസരം നൽകിയ കത്ത് ഡെസ്പാച്ച് ചെയ്തിരിക്കുന്നത്. ഡെസ്പാച്ച് രജിസ്റ്ററിൽ 20.07.2019ൽ ഒരു എൻട്രി പോലും കാണുന്നുമില്ല. കൂടാതെ 29.07.2019ന് ഡെസ്പാച്ച് ചെയതതായി പറയുന്ന കത്ത് ഹർജിക്കാരന് ലഭ്യമായില്ല എന്ന വിവരം 17.11.2021ൽ നടന്ന ഹയറിംഗിൽ ടിയാൻ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. 29.07.2019ൽ

നൽകിയിരിക്കുന്ന കത്തുപ്രകാരം ഹർജിക്കാരൻ 3 ദിവസം മുമ്പ് ഹാജരാകണമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്.

ആയതിനാൽ ഹർജിക്കാരന് മറുപടി ലഭ്യമായിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കണ്ട് ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 23-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)